# ചേകനൂരികൾ
# ശിആയിസത്തിന്റെ കേരള ഏജന്റുമാർ

അബ്ദുൽ മാലിക് മൊറയൂർ

ഇസ്‌ലാമിന്റെ നാശം സ്വപ്നം കണ്ട് കഴിയുന്ന ജൂത പുരോഹിതന്മാരുടെ ദുഷിച്ച ബുദ്ധിയിലുദിച്ച ഒരു ആശയമാണ് ശിയാഇസം. പ്രവാചക കുടുംബത്തോടുള്ള സ്നേഹത്തിന്റെ മറക്കുപിന്നിൽ നിന്ന് ഇസ്‌ലാമിലേക്ക് ജൂതായിസം തിരുകിക്കയറ്റുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അതിനവർ അബ്ദുല്ലാഹിബ്നു സബഇനെ ചട്ടം കെട്ടിച്ച് മുസ്‌ലിംകളിലേക്ക് പറഞ്ഞയച്ചു. ഇസ്‌ലാമിന്റെ പേരിൽ ഉടലെടുക്കുന്ന ഒട്ടുമിക്ക പിഴച്ച കക്ഷികളിലും ശിയാഇസത്തിന്റെ സ്വാധീനം ചെറിയ തോതിലെങ്കിലും കാണാമെന്നത് ഇവരുടെ പ്രവർത്തനം മുസ്‌ലിം സമൂഹത്തിലുണ്ടാക്കിയ സ്വാധീനം എത്രമാത്രമുണ്ടെന്നതിലേക്കുള്ള ചൂണ്ടു പലകയാണ്. ഇസ്‌ലാം കർശനമായി വിലക്കിയ ക്വബ്റാരാധന ഇസ്‌ലാമിന്റെ ചിഹ്നമെന്ന നിലക്ക് കൊണ്ട് നടക്കുന്ന ക്വുബൂരികൾ ശീയാഇസവുമായി ആശയ തലത്തിൽ സാമ്യപ്പെടുന്നുണ്ട്. രാഷ്ട്രീയ വിപ്ലവത്തിന്റെ വിടുവായിത്തങ്ങൾ വിളമ്പുന്ന മതരാഷ്ട്രവാദക്കാരിലും ശിയാഇസത്തിന്റെ സ്വാധീനം ഏറെ പ്രകടമാണ്. എന്നാൽ ശിയാഇസമെന്ന ജൂതായിസത്തിന്റെ ആശയങ്ങൾ പേറി നടക്കുന്ന ഒരു വർഗം കൂടി കേരള മണ്ണിലുണ്ട്. അംഗുലീപരിമിതമായ അംഗങ്ങൾ മാത്രമുള്ളതിനാൽ നാം അവരെ അറിയുന്നില്ല എന്നു മാത്രം. ഇസ്‌ലാമിനെ കുറിച്ച് തികഞ്ഞ അജ്ഞതയിൽ ജീവിക്കുന്ന ചേകനൂരികൾ എന്ന വിഭാഗമാണത്. ചേകനൂരികളും ശിയാക്കളും തമ്മിലെന്ത് ബന്ധം എന്ന് ചിലരെങ്കിലും ചിന്തിക്കുന്നുണ്ടാവും. എന്നാൽ കേരളമണ്ണിൽ മറ്റാരേക്കാളും ശിയാഇസമെന്ന ജൂതായിസത്തോട് തോള് ചേർന്ന് നിൽക്കുന്നത് സാക്ഷാൽ ചേകനൂരികളാണെന്ന് ഇനിയെങ്കിലും നാം തിരിച്ചറിയണം. ശിയാഇസത്തിന്റെ വിശ്വാസ വൈകല്യങ്ങളുടെ ചീഞ്ഞു നാറുന്ന മാറാപ്പുകെട്ടുകൾ ഏറ്റിനടക്കുന്നവരാണിവരെന്ന് തെളിവുസഹിതം ഇവിടെ വിവരിക്കാൻ പോവുകയാണ്.

**ശിയാക്കളും ചേകനൂരികളും: ബന്ധമുണ്ടെന്ന് ചേകനൂർ!**

തലവാചകം വായിക്കുമ്പോൾ ചിലചേകനൂരികൾക്കെങ്കിലും ചെറിയൊരു ഞെട്ടൽ അനുഭവപ്പെട്ടേക്കാം. എങ്കിൽ ഇനി ഞട്ടൽമാറാൻ നിങ്ങൾക്ക് അവസരമുണ്ടാവില്ല എന്ന് മാത്രം ഉണർത്തട്ടെ. ‘ക്വുർആൻ സുന്നത്ത്, സൊസൈറ്റി’ എന്ന പേരിൽ ചേകനൂർ സ്ഥാപിച്ച മതത്തിന് ശിയാഇസത്തിലേക്ക് വേരുകളുണ്ടെന്ന് സലഫികൾ ആരോപിച്ചാൽ ഒരു പക്ഷെ ചേകനൂരികളത് തള്ളിയേക്കാം. എന്നാൽ ചേകനൂരിസത്തിലെ തലതൊട്ടപ്പനെ കൊണ്ട് ഞങ്ങളത് പറയിപ്പിക്കുകയാണ്. അയാൾ പറയുന്നത് നോക്കൂ: ‘‘കുറെയൊക്കെ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിലും അലിയ്യിന്റെ താവഴിക്കാരായി പരക്കെ അറിയപ്പെടുന്ന ശിആക്കൾക്കിടയിലും ഖുർആൻ സുന്നത്തിന്റെ മദ്ഹബ് ഒരളവോളം കണ്ടെത്താൻ സാധ്യതയുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്’’ *(അബൂഹുറൈറയുടെ തനിനിറം; പേ:33)*

കണ്ടില്ലേ, ശിയാക്കൾക്കിടയിലും ചേകന്നൂരീമതമായ ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ ആശയങ്ങൾ കാണപ്പെടുന്നുണ്ട് എന്ന് ‘മൗലാന’ തന്നെ സമ്മതിക്കുകയാണിവിടെ. ഇനി, ഏതൊക്കെ വിഷയങ്ങളിലാണ് ചേകന്നൂരിസവും ശിയാഇസവും സാമ്യപ്പെടുന്നത് എന്ന കാര്യമാണ് നമുക്ക് പരിശോധിക്കാനുള്ളത്.

**മൂന്ന് നമസ്കാരം**

ചേകന്നൂരിസമെന്ന മതത്തിലെ ശീയാസ്വാധീനത്തിന് ഏറ്റവും വലിയ തെളിവാണ് നമസ്കാര ത്തിന്റെ വിഷയം. അഞ്ച് നമസ്കാരത്തെ വെട്ടിച്ചുരുക്കി മൂന്നാക്കിയ ചേകന്നൂർ യഥാർത്ഥത്തിൽ ശിയാക്കളെ അപ്പടി പിന്തുടരുകയായിരുന്നു. ശിയാക്കൾക്ക് മൂന്ന് നമസ്കാരമേ ഉള്ളൂവെന്ന് ചേക ന്നൂർ തന്നെ സമ്മതിക്കുന്നത് ആദ്യം കാണുക: ''നബി ഫർദാക്കിയത് അഞ്ച് നേരമാണെന്നും അത് മാത്രമാണ് നബിയിൽ നിന്ന് മുതവാത്തിറായിലഭിച്ച സുന്നത്തെന്നും മുആവിയ്യാപക്ഷക്കാ രായ ലോകസുന്നികളെല്ലാം പറയുമ്പോൾ നബി ഫർദാക്കിയത് മൂന്ന് നേരമാണെന്നും അത് മാത്ര മാണ് നബിയിൽ നിന്ന് ലഭിച്ച സുന്നത്തെന്നുമാണ് അലീപക്ഷക്കാരായ ലോക ശീഇകൾ പറയു ന്നത് '' *(നമസ്കാരം മൂന്നുമാത്രം :പേ:137)*

വീണ്ടും പറയുന്നു: ''ഹസ്രത്ത് അലിയ്യിന്റെ സാക്ഷാൽ അനുയായികളായിരുന്ന ശീയാ പണ്ഡിത ന്മാർ നമസ്കാരത്തിനഞ്ചുനേരം ഫർദില്ലെന്നും ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയ മൂന്ന് നേരം മാത്രമെ ഫർദുള്ളൂവെന്നുള്ള കണിശമായ വാദക്കാരാണ്'' *(ഖുർആൻ വിരുദ്ധബാങ്കും ഇഖാമത്തും: പേ:92)*

അപ്പോൾ, മൂന്ന് നേര നമസ്കാരമെന്നത് ശിയാക്കളുടെ നമസ്കാരമാണെന്ന് ചേകന്നൂർ തന്നെ സമ്മതിച്ചല്ലോ, ലോക മുസ്ലിംകൾ നിർവ്വഹിച്ചുവരുന്ന അഞ്ചു നേര നമസ്കാരത്തെ ജൂതായിസ മെന്ന് പറഞ്ഞ് പരിഹസിച്ച ചേകന്നൂർ തന്നെയാണ്, ശിയാഇസമാകുന്ന ജൂതായിസത്തിൽ എത്തി ച്ചേർന്നിരിക്കുന്നത് എന്ന് ഇപ്പോൾ വ്യക്തമായല്ലോ, 'നമസ്കാരം മൂന്ന് മാത്രം' എന്ന ക്ഷുദ്രകൃതി ചേകന്നൂർ രചിച്ചത് തന്നെ മൂന്ന് നേരമെന്ന ജൂതായിസം സ്ഥാപിക്കാനായിരുന്നു. ചുരുക്കത്തിൽ നമസ്കാരത്തിന്റെ വിഷയത്തിൽ ചേകന്നൂരികൾ പുലമ്പികൊണ്ടിരിക്കുന്നത് ശുദ്ധ ശിയാഇസ മാണെന്നതിൽ ഇനിയാർക്കും സംശയമുണ്ടാവാനിടയില്ല.

**അബൂഹുറൈറ(റ)വിനെതിരായ ആക്ഷേപം**

ഇസ്ലാമിനെ തകർക്കണമെങ്കിൽ അതിന്റെ അടിസ്ഥാനപ്രമാണങ്ങളെ തകർക്കാമെന്നു വ്യക്തമാ യിഗ്രഹിച്ച കുബുദ്ധികൾ, ഖുർആനിൽ കൈവെച്ചാൽ സമൂഹം തങ്ങളുടെ രഹസ്യ അജണ്ട പെട്ടന്ന് തിരിച്ചറിയുമെന്ന് മനസ്സിലാക്കി, സാധാരണക്കാർക്ക് വേണ്ടത്ര പരിചിതമല്ലാത്ത ഹദീ ഥിന്റെ വഴിയിലൂടെ ഇതിനെ തുരങ്കം വെക്കാൻ ശ്രമിക്കുകയും അതിന്റെ ഭാഗമായി ഹദീഥുകളിൽ സംശയം ജനിപ്പിക്കാനെന്നോണം കൂടുതൽ ഹദീഥുകൾ നിവേദനം ചെയ്ത അബൂഹുറൈറ(റ) നെ പിടികൂടി അദ്ദേഹത്തിനെതിരെ നട്ടാൽ മുളക്കാത്ത നുണകളും ദുരാരോപണങ്ങളും അവർ ഉന്നയിക്കാൻ തുടങ്ങി. പിറന്ന നാടും വീടും വിട്ട് പ്രവാചക സന്നധിയിൽ ജീവിതം കഴിച്ച ആ മാഹാനായ സ്വഹാബിക്കെതിരെ അദ്യം വാളെടുത്തത് ഇസ്ലാമിന്റെ കുപ്പായമിട്ട ജൂതാസുകളായ ശിയാക്കളായിരുന്നു. അബൂഹുറൈറ(റ) യഥാർത്ഥ വിശ്വാസിയായിരുന്നില്ല എന്ന ലോകനുണ ആദ്യം പറഞ്ഞത് ശിയാക്കളായിരുന്നു. അവരുടെ ശേഷം ഉടലെടുത്ത എല്ലാ ചെകുത്താനിന്റെ അനുയായികളും ശിയാക്കൾ പറഞ്ഞത് അപ്പടി വിഴുങ്ങുകയാണ് ചെയ്തത്. ശിയാക്കൾ അബൂ ഹുറൈറ(റ)വിന്റെ വിമർശകരായിരുന്നുവെന്ന് നമ്മൾ മാത്രമല്ല, സാക്ഷാൽ ചേകന്നൂർ തന്നെ അക്കാര്യം പറഞ്ഞിട്ടുണ്ട്. അയാൾ പറയട്ടെ: ''അബൂഹുറൈറയെപ്പറ്റി അയാളൊരു കപടനും പൊള്ളനുമായിരുന്നുവെന്ന് പരത്തിപ്പറയുകയല്ലാതെ അയാളുടെ ഗൗരവമേറിയ എന്തങ്കിലും ജൂത ത്തരം ശിആ പണ്ഡിതന്മാർ തെളിയിച്ചിട്ടുണ്ടോ എന്നും ചോദിക്കേണ്ടതില്ല'' *(നമസ്കാരം മൂന്നാമാത്രം: പേ:162)*

കണ്ടല്ലോ, അബൂഹുറൈറയെ കുറിച്ച് കപടനും പൊള്ളനുമെന്ന് ആക്ഷേപിക്കുന്നവരാണ് ശിയാ ക്കൾ എന്നാണ് ചേകന്നൂർ പറയുന്നത്. ആ ശിയാക്കളുടെ പാത പിന്തുടർന്നാണ് ചേകനൂരികളും അബൂഹുറൈറ(റ)വിനെ ആക്ഷേപിക്കാൻ തുടങ്ങിയത്. ശിയാക്കൾ അബൂഹുറൈറക്കെതിരെ ഉന്നയിക്കുന്ന എന്തൊക്കെ ആരോപണങ്ങളുണ്ടോ അതെല്ലാം അപ്പടി മലയാളത്തിലേക്ക് പകർത്ത

ലാണ് ചേകന്നൂരികൾക്ക് പണി. ഉദാഹരണത്തിന് ചേകന്നൂരിന്റെ 'അബൂഹുറൈറയുടെ തനി നിറം' എന്ന ക്ഷുദ്രകൃതി പരിശോധിക്കുക. അതിലുന്നയിച്ച ഓരോ ആരോപണങ്ങളും ശിയാക്കളുടെ ഗ്രന്ഥങ്ങളിലും നമുക്ക് കാണാനാവും. (ഉദാഹരണത്തിന് അബ്ദുൽ ഹുസൈൻ എന്ന ശിയാ പണ്ഡിതന്റെ 'അബൂഹുറൈറ' എന്ന ഗ്രന്ഥം കാണുക.) അതില്ല എന്ന് നിഷേധിക്കാൻ ചേകന്നൂരികൾ തയ്യാറുണ്ടോ? അപ്പോൾ ശിയാക്കളുടെ കേരള പതിപ്പാണ് ചേകനൂരികളെന്ന് പറയുന്നതിൽ യാതൊരു പാകതയുമില്ല. മാത്രമല്ല അതാണ് ശരിയും!

**സ്വഹാബികളെ ഭത്സിക്കുന്നു**

അല്ലാഹു തൃപ്തിപ്പെട്ട സ്വഹാബത്തിനെ ഭത്സിക്കുക എന്നത് ശിയാക്കളുടെ മുഖമുദ്രയാണ്. അംഗുലീ പരിമിതമായ സ്വഹാബിമാരൊഴികെ ബാക്കിയെല്ലാം പിഴച്ചവരാണെന്ന് വിശ്വസിക്കുന്നവരാണ് ശിയാക്കൾ. ശിയാഇസത്തിന്റെ ഓവുചാലിൽ നിന്ന് ദാഹം തീർക്കുന്ന ചേകനൂരീ പുരോഹിതരിലും ഈ സ്വഭാവം കാണാതിരിക്കില്ലല്ലോ. അല്ലാഹു തൃപ്തിപ്പെട്ട സ്വഹാബത്തിനെ കുഴുതകളാക്കുന്നവരാണിവർ! ചേകനൂർ എഴുതുന്നു: ''ഇത് കേട്ടുകൊണ്ടിരുന്ന തന്റെ സമാജികരൊക്കെ 'ബഹുജനം കഴുതകളാകുന്ന അയ്യുഹന്നാസായിരുന്നുവെന്നാണ് ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാവുന്നത്.'' *(അബൂഹുറൈറയുടെ തനിനിറം: 76)* അബൂഹുറൈറ(റ)വിന്റെ സദസ്സിലുള്ള സ്വഹാബത്തിനെ കുറച്ചാണിവിടെ കഴുതകൾ എന്ന് പറഞ്ഞിരിക്കുന്നത്. ഇവരുടെയൊക്കെ തനി നിറം ഇനിയെങ്കിലും നാം തിരിച്ചറിയണം.

തീർന്നില്ല, തന്റെ സ്വഹാബീവിരോധം ഒന്നു കൂടി അയാൾ  വ്യക്തമാക്കുന്നത് കാണുക: ''നാല് ഖലീഫമാർക്ക് ശേഷം ഒന്നാം നൂറ്റാണ്ടിലെങ്കിലും ഖുർആനികാദർശങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് അതിനു വേണ്ടി രംഗത്തിറങ്ങി പോരാടാൻ ധൈര്യമുണ്ടായിരുന്ന ഒറ്റ മനുഷ്യനും അക്കാലങ്ങളിലില്ലായിരുന്നു....'' *(നമസ്കാരം മൂന്നുമാത്രം :18)* തീർന്നില്ല, സ്വഹാബത്തിന് വേണ്ടത്ര ക്വുർആൻ പരിജ്ഞാനമൊന്നുമുണ്ടായിരുന്നില്ല എന്നാണ് മറ്റൊരു പുരോഹിതൻ തട്ടിവിടുന്നത്. അയാൾ പറയുന്നു: ''ഉമറിന്റെ ഭരണത്തിന്റെ ആദ്യകാലത്ത് ഗവർണ്ണർമാർ അധികവും സേനാനായകന്മാരായിരുന്നു. ഇവർക്കൊന്നും വേണ്ടത്ര ഖുർആൻ പരിജ്ഞാനമുണ്ടായിരുന്നില്ല''*(ശരീഅത്ത് വികാസവും പരിണാമവും.20)*

സുബ്ഹാനല്ലാഹ്! ഉമർ(റ)വിന്റെ കാലത്തെ ഗവർണ്ണർമാരായിരുന്ന സ്വഹാബത്തിന് ക്വുർആനറിയില്ല എന്ന് പറയുന്ന ഇയാളൊക്കെ ഏത് ഇസ്ലാമാണാവോ പറയുന്നത്. ഏതായാലും ഇവറ്റകൾക്ക് മുസ്ലിംകളുമായല്ല ബന്ധം മറിച്ച് ജൂതാസുകളുടെ സൃഷ്ടിയായ ശിയാക്കളുമായിട്ടാണ് എന്നതിന് ഇതിൽപരം തെളിവിനിയെന്തിന്? ഇനി ഇബ്നു അബ്ബാസ്(റ)വിനെ കള്ളനായി ചിത്രീകരിക്കുന്ന ഒരു ചേകനൂരിയുടെ വരികൾ കൂടി കാണുക: ''ബസറ ഖജാനയിൽ നിന്ന് 60 ലക്ഷം ദിർഹം തട്ടിയെടുത്ത ഇബ്നു അബ്ബാസിന്റെ ഹദീഥ് ബുഖാരി എങ്ങനെ സ്വീകരിച്ചു?''*(ഖുർആൻ ദർശനം 2004 മാർച്ച്:പേ: 10)*

നോക്കൂ! മഹാനായ ഒരു സ്വഹാബിക്കെതിരെയാണീ ഗുരുതരമായ ആരോപണമിയാൾ ഉന്നയിച്ചിരിക്കുന്നത്. അങ്ങനെയൊന്ന് തെളിയിക്കാൻ ഇയാൾക്കും ഇയാളുടെ വാലാട്ടികൾക്കും ധൈര്യമുണ്ടോ? സ്വഹാബത്തിനെ വിവരം കെട്ടവരും, കഴുതകളും, കള്ളന്മാരുമായി ചിത്രീകരിക്കുന്ന ശിയാക്കളുടെ കേരളപതിപ്പുതന്നെയാണ് ചേകന്നൂരികൾ.

**അബൂത്വാലിബ് സ്വഹാബി!?**

നബി(സ)യുടെ യഥാർത്ഥ സ്വഹാബത്തിനെ കാഫിറുകളും, യഥാർത്ഥ കാഫിറുകളെ സ്വഹാബികളുമാക്കുന്ന വിചിത്രമായ പൈശാചികതയാണ് ചേകനൂരിസത്തിൽ നാം ദർശിക്കുന്നത്. ഇത് ശിയാഇസത്തിൽ നിന്ന് കടം കൊണ്ടതാണ്. നബി(സ) യുടെ കുടുംബത്തിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്ന ശിയാക്കൾക്ക് കാഫിറായി മരിച്ച അബൂത്വാലിബിനെ മുസ്ലിമാക്കൽ അനിവാര്യ

മായിരുന്നു. അതവർ ചെയ്യുകയും ചെയ്തു. അബൂ ത്വാലിബ് വിശ്വാസിയായിരുന്നുവെന്ന ശുദ്ധ നുണ ആദ്യം പറഞ്ഞത് ശിയാക്കളാണ്. ശിയാക്കളുടെ കേരള പതിപ്പുകളായ ചേകനൂരികളും അതേവാദം ഇവിടെ ഉന്നയിക്കുകയുണ്ടായി. ചേകന്നൂർ എഴുതുന്നു. ''ജീവിതാന്ത്യം വരെ നബിയെയും ഇസ്‌ലാമിനെയും സംരക്ഷിച്ചു അതിനായി പല യാതനകളും അനുഭവിച്ച മഹാത്യാഗമായിരുന്നു നബിയുടെ പ്രിയ പിതൃവ്യനും ഹസ്രത്ത് അലിയുടെ വന്ദ്യപിതാവുമായ അബൂത്വാലിബെന്ന് സകല സുന്നികളും സമ്മതിച്ചിരിക്കെ, മുആവിയാനെ പ്രീതിപ്പെടുത്താനും മുആവിയക്കാണ് ഇസ്‌ലാമിൽ പാരമ്പര്യമുള്ളതെന്ന് വാദിക്കാനും വേണ്ടി യാതൊരു തെളിവുമില്ലാതെ ആ മഹാനായ സ്വഹാബിയെ കാഫിറും മുശ്‌രിക്കുമായി പ്രചാരണം നടത്താനാണ് സകല സുന്നികളും ഒരുമ്പെട്ടത്.'' *(നമസ്കാരം മൂന്ന് മാത്രം: 141)* കണ്ടല്ലോ! അബൂത്വാലിബെന്ന കാഫിറിനെ സ്വഹാബിയാക്കി ചിത്രീകരിക്കുന്ന ജൂതായിസം.

**മുആവിയാ, അബൂസുഫിയാൻ(റ) എന്നിവരെ കാഫിറാക്കുന്നു**

കാഫിറുകളെ സ്വഹാബികളാക്കിയ കോലം മുകളിൽ നാം കണ്ടല്ലോ. ഇനി സ്വഹാബികളെ കാഫിറാക്കുന്നതാണ് കാണാൻ പോവുന്നത്. ശിയാക്കളുടെ കണ്ണിലെ കരടുകളാണ് മുആവിയ(റ)യും അദ്ദേഹത്തിന്റെ പിതാവ് അബൂസുഫിയാനും(റ). അവർക്കെതിരെ നട്ടാൽ മുളക്കാത്ത നുണകൾ നീട്ടിപ്പരത്തിയെഴുതി ചരിത്രഗ്രന്ഥങ്ങൾ മലിനമാക്കാൻ ശിയാക്കൾ ഏറെ പരിശ്രമിച്ചിട്ടുണ്ട്. നെല്ലും പതിരും വേർതിരിക്കാതെ ചരിത്രത്തിലെഴുപ്പെട്ടതെല്ലാം തൊണ്ടതൊടാതെ വിഴുങ്ങുന്ന ചിലരെങ്കിലും ശിയാക്കളുടെ ഈ വിമർശനങ്ങൾ ശരിയാണെന്ന് ധരിക്കാറുണ്ട്. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ ഈ സ്വഹാബിമാർക്കെതിരെ ഉന്നയിക്കപ്പെടുന്ന മുഴുവൻ വിമർശനങ്ങളും ശിയാ കുബുദ്ധികളുടെ നുണ നിർമാണ ശാലകളിൽ നിർമ്മിക്കപ്പെട്ടവയാണെന്ന് വ്യക്തമാവും. ശിയാക്കളുടെ പാരമ്പര്യം പിൻപറ്റി ചേകനൂരികളും ഈ രണ്ട് സ്വഹാബികൾക്കെതിരെ നിരവധി നുണകൾ പറഞ്ഞുപരത്തുകയും അവരുടെ ഈമാൻ തന്നെയും ശരിയല്ല എന്നുവരെ എഴുതുകയും ചെയ്തിട്ടുണ്ട്. അവയിൽ ചിലത് മാത്രം ഇവിടെ ഉദ്ധരിക്കാം ഇവരുടെ പാരമ്പര്യം ആരിലാണ് എത്തിനിൽക്കുന്നത് എന്ന് ഗ്രഹിക്കാൻ വേണ്ടി മാത്രം. ഒരു ചേകന്നൂരി എഴുതുന്നു. ''ഈ കീഴടങ്ങലോടെ മുആവിയയും കുടുംബവും കൂട്ടുകാരും ആത്മാർത്ഥതയോടെ ദീൻ സ്വീകരിച്ചുവെന്നാണ് ഹദീഥ് രചയിതാക്കളുടെ അവകാശവാദം. നിഷ്പക്ഷമായി ആലോചിച്ചാൽ തന്നെ അവരുടെ വിശ്വാസം കപടമാവാനേ തരമുള്ളൂ...... ഇതിൽ നിന്നു തന്നെ ഇസ്‌ലാമിന്റെയും ഖുർആനിന്റെയും അടിസ്ഥാന സിദ്ധാന്തങ്ങളുടെ നാരായവേരുകൾ അറുത്ത് വിട്ട ആ മനുഷ്യനെ ഒരു യഥാർത്ഥ മുസ്‌ലിമെന്ന് വിശ്വസിക്കുന്നത് തന്നെ ഒരു പാപമാണ്'' *(വിശുദ്ധ ഖുർആൻ ഒരേ ഒരു മാർഗ്ഗ രേഖ:33)*

നോക്കൂ! മുആവിയ(റ) വിശ്വാസിയായിരുന്നുവെന്ന് വിശ്വസിക്കുന്നത് തന്നെ പാപമാണെന്നാണ്, ജൂതായിസം തലക്കുകയറിയ ഇയാൾ പുലമ്പുന്നത്. ഇനി ബഡാ മൗലാനയുടെ വാക്കുകൾ കാണുക: ''ചുരുക്കത്തിൽ അബൂസുഫിയാൻ ഒരു ശരിയായ മുസ്‌ലിമായിരുന്നില്ലന്ന് ഖുർആനിലും ഹദീഥിലും ചരിത്രത്തിലുമൊക്കെ വേണ്ടത്ര തെളിവുകളുണ്ടായിട്ടും അബൂസുഫ്‌യാനെ കാഫിറാക്കാനോ തള്ളിപ്പറയാനോ ലോകത്തൊരു സുന്നിയും ഇന്നേവരെ തയ്യാറായിട്ടില്ല'' *(നമസ്കാരം മൂന്നു മാത്രം:141)*

ജൂതായിസം തലക്കുകയറി ഭ്രാന്തായിരിക്കുകയാണോ ഇയാൾക്ക്! അബൂസുഫ്‌യാൻ(റ) മുസ്‌ലിമല്ല എന്ന് ക്വുർആനിലും ഹദീഥിലും ഉണ്ടത്രേ! എങ്കിൽ അങ്ങനെയൊരു ആയത്തോ ഹദീഥോ ചേകന്നൂരികൾ കൊണ്ടുവരട്ടെ. ഇസ്‌ലാമിന്റെ പേരിൽ എന്ത് തോന്നിവാസവും വിളിച്ചുകൂവാൻ യാതൊരു മടിയുമില്ല ഈ ജൂതാസുകൾക്ക് എന്നതിന് തെളിവാണീ വരികൾ.

തീർന്നില്ല, മറ്റൊരു ജൂതാസിന്റെ വരികൾ നോക്കൂ: ''വിശുദ്ധ ഖുർആൻ 39:29 ൽ വളരെ നന്നായി വ്യക്തമാക്കിയിട്ടും അബൂസുഫിയാനെയും മുആവിയയെയും അബൂഹുറൈറയെയും മറ്റും പരി

ശുദ്ധ വിശ്വാസികളാണെന്ന് പുരോഹിതവൃന്ദം അവകാശപ്പെടുന്നു......'' *(വിശുദ്ധഖുർആൻ ഒരേ ഒരു മാർഗരേഖ: 38)*

ക്വുർആനിലെ 39:29 ൽ മേൽ പറയപ്പെട്ട സ്വഹാബികൾ കാഫിറുകളാണെന്ന് പറയുന്നുണ്ടെന്നാണ് ഇയാൾ വാദിക്കുന്നത്. ഇതെഴുതിയവൻ ഇന്ന് ജീവിച്ചിരിപ്പില്ല, ജീവിച്ചിരിപ്പുള്ള വല്ല ചേകന്നൂരിയും ഉണ്ടെങ്കിൽ ആ ആയത്തിൽ അങ്ങനെയൊരു സംഗതി കാണിക്കാൻ തയ്യാറാവണം. ചേകനൂർ പറഞ്ഞത് അപ്പാടെ വിഴുങ്ങുമ്പോൾ ഇമ്മാതിരി വിഢിത്തങ്ങൾ വന്നുഭവിക്കുമെന്ന് ചേകനൂരികൾ ചിന്തിച്ചു കാണില്ല. അല്ലെങ്കിലും ചേകനൂരികൾക്കെന്ത് ചിന്ത?

**നബി കുടുംബത്തിന് അനന്തരം കൊടുത്തില്ല!**

പ്രവാചകന്മാർ അനന്തരമെടുക്കപ്പെടുകയില്ല എന്നത് ഇസ്‌ലാമിലെ നിയമമാണ്. ഇസ്‌ലാമിന്റെ പേരിൽ പ്രവർത്തിക്കുന്ന ജൂതാസുകൾക്ക് ഈ നിയമം ദഹിച്ചെന്നുവരില്ല. പ്രവാചക കുടുംബത്തിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കി ഇസ്‌ലാമിനെ തകർക്കാൻ ശ്രമിക്കുന്ന ശിയാക്കളാണ് ഈ നിയമത്തിനെതിരെ ആദ്യം രംഗത്തുവന്നത്. നബി(സ) യുടെ സ്വത്ത് ഫാത്വിമക്ക് കിട്ടാതിരിക്കാൻ അബൂബക്കർ(റ) ഉണ്ടാക്കിയ കള്ളനിയമമാണ് ഇതെന്നാണവർ വാദിച്ചത്. ശിയാക്കളുടെ ഇതേ വാദം കേരളത്തിൽ ആദ്യമായുന്നയിച്ചത് ചേകന്നൂരികളായിരുന്നു. ചേകന്നൂർ എഴുതുന്നു: ''ആയത്തിന്റെ അവതരണ പശ്ചാത്തലത്തിൽ ഒന്നാമതായി ഉൾപ്പെടുന്നത് നബിയുടെ കുടുംബമാണെന്ന് താൽപര്യം. പക്ഷെ ലോകത്തിലെ ഒറ്റ അഹ്‌ലുൽഹദീഥുകാരനും ഒറ്റ തഫ്സീറുകാരനും ആ ചരിത്ര സത്യം ഇന്നേവരെ രേഖപ്പെടുത്തിയിട്ടില്ല... നബിയുടെ മകൾ ഫാത്വിമക്കവകാശം കൊടുക്കാതിരുന്നത് കടുത്ത തെറ്റായിപ്പോയെന്ന ശിയാ വാദത്തിന്റെ തെളിവ് പുറത്ത് വരാതിരിക്കാൻ വേണ്ടിയാണ് സകല സുന്നത്ത് ജമാഅത്ത് കാരും കൂടി ആ ചരിത്രം പറ്റെ പൂഴ്ത്തി വെച്ചതെന്ന കടുത്ത സത്യം എല്ലാ ഖുർആൻ വിശ്വാസികളും മേലിലെങ്കിലും അറിഞ്ഞിരിക്കയാണ്'' *(ബുഖാരയും മുസ്‌ലിമും ലോകപൊള്ളന്മാരാണെന്നതിന്റെ തെളിവുകൾ:11)* കണ്ടില്ലേ, നബി കുടുംബത്തിന് അനന്തരം കൊടുത്തില്ല എന്ന് വാദിക്കുന്ന ശിയാക്കളുടെ പക്ഷത്തുനിന്ന് മുസ്‌ലിംകളെ വിമർശിക്കുകയാണിയാൾ ചെയ്യുന്നത്. അങ്ങനെയൊരു വാദം ശിയാക്കൾക്കുണ്ടെന്ന് കൂടി ചേകന്നൂർ സൂചിപ്പിക്കുന്നു. അപ്പോൾ പിന്നെ ആരിൽ നിന്നാണിത് കിട്ടിയതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

**ശീഈ ശരീഅത്തിനെ പുകഴ്ത്തുന്നു**

മതകാര്യത്തിൽ വ്യക്തമായ ഒരു ശരീഅത്തിൽ നബി(സ)യെ ആക്കിയിട്ടുണ്ടെന്നും ആ ശരീഅത്തിനെ പിൻപറ്റണമെന്നും ക്വുർആൻ ആവശ്യപ്പെടുന്നുണ്ട് *(45:18)* സലഫികൾ പിൻപറ്റുന്നത് നബി(സ)കൊണ്ട് വന്ന പ്രസ്തുത ശരീഅത്താണ്. അതിന് വിരുദ്ധമായ വിശ്വാസാചാരങ്ങൾ വെച്ച് പുലർത്തുന്ന ധാരാളം പൈശാചിക ശരീഅത്തുകളും ഇവിടെയുണ്ട്. റസൂലിനോ, സ്വഹാബത്തിനോ, പരിചിതമല്ലാത്ത നിരവധി നൂതന വിശ്വാസാചാരങ്ങൾ ഉൾകൊണ്ടിട്ടുള്ള ശീഈ ശരീഅത്ത് ഉദാഹരണം. ശിയാഇസത്തിന്റെ വാലാട്ടികളായി ഊര് ചുറ്റുന്ന ചേകനൂരികൾക്ക് പഥ്യം ഈ ശീഈ ശരീഅത്തിനോടാണ്. ഒരു ചേകനൂരി എഴുതിയത് നോക്കുക. ''ചുരുക്കത്തിൽ അറബി ആചാരങ്ങളുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട സുന്നീ ശരീഅത്തിനേക്കാൾ ശിയാക്കളുടെ വ്യക്തിനിയമങ്ങളാണ് പുരോഗമനാത്മകമായിട്ടുള്ളത്. അത് കൊണ്ട് ശിയാക്കൾക്കിടയിലെ സ്ത്രീകൾ സുന്നീ സ്ത്രീകളെക്കാൾ സ്വാതന്ത്ര്യമുള്ളവരും വിദ്യാഭ്യാസമുള്ളവരുമാണ്. ഏറെക്കുറെ സ്ത്രീ പുരുഷ സമത്വം ശിയാക്കൾ അംഗീകരിക്കുന്നു. പുരുഷന്റെ വാലായല്ല സ്ത്രീകളെ അവർ കാണുന്നത്'' *(ശരീഅത്ത് വികാസവും പരിണാമവും:50)* കണ്ടല്ലോ, ശീഈ ശരീഅത്താണ് സുന്നീ ശരീഅത്തിനേക്കാൾ പുരോഗമനാത്മകമെന്നാണ് ഈ ശീഈ ഏജന്റ് തട്ടി വിടുന്നത്. അതിന് തെളിവോ? സ്ത്രീ സ്വാതന്ത്ര്യം! നല്ല കൂട്ട് തന്നെ. മുത്അ നടത്തുന്ന ശിയാക്കൾക്ക് പറ്റിയ കൂട്ട് തന്നെയാണ് ചേകനൂരികൾ.

**ശിയാക്കളെ പിൻപറ്റാൻ ആഹ്വാനം**

ഇസ്‌ലാമിന്റെ നേർരേഖയിൽ നിന്ന് വിദൂരം പോയ ശിയാക്കളുമായി ചേകന്നൂരി പുരോഹിതരുടെ അവിശുദ്ധ ബാന്ധവം ഒന്നുകൂടി വ്യക്തമാക്കുന്നതാണ് ചേകന്നൂരി പ്രസിദ്ധീകരണങ്ങളിൽ കാണുന്ന ശിയാക്കളെ പിൻപാറ്റാനുള്ള ആഹ്വാനങ്ങൾ. ചേകന്നൂർ എഴുതുന്നത് നോക്കുക: ''ഹസ്രത്ത് അലിയുടെ സാക്ഷാൽ അനുയായികൾ ഇന്നേവരെ സമ്മതിക്കാത്തതുമായ ഒറ്റ വിശ്വാസവും ആചാരവും (മുആവിയയുടെ കാലം മുതൽ മക്കയിലും മദീനയിലും ഇന്നേ വരെ നില നിന്നു പോന്നതാണെങ്കിലും ശരി) ഖുർആൻ സുന്നത്തിന്റെ അനുയായിയായ ഒറ്റ മുസ്‌ലിമിനും പിൻപറ്റാൻ പാടുള്ളതല്ല. അതെല്ലാം മുആവിയാ പ്രഭൃതികളുടെ അട്ടിമറികളും അനാചാരങ്ങളും ആണ് എന്ന് വിശ്വസിക്കൽ നിർബന്ധവുമാണ്'' *(നമസ്കാരം മൂന്ന് മാത്രം: 150)* വീണ്ടും പറയുന്നു. ''അലി നടപ്പാക്കിയ പാരമ്പര്യത്തിലേക്ക് അഥവാ സാക്ഷാൽ ഖുർആൻ സുന്നത്തിലേക്ക് അള്ളാഹു നമ്മേ നയിക്കുമാറാകട്ടെ''*(അതേ പുസ്തകം: 151)* കണ്ടല്ലോ ഇയാളുടെ ശിയാപ്രേമം. ഇനി, മക്കയിലും മദീനയിലുമൊക്കെ ജീവിച്ച സ്വഹാബിമാരേക്കാൾ എത്രയോ ഉന്നതരാണ് ഇറാനിലും ഇറക്കിലുമൊക്കെ ജീവിച്ച ശിയാക്കാളെന്നാണ് ഇയാളുടെ മറ്റൊരു വാദം. അത് കാണുക. ''ചുരുക്കത്തിൽ നാലു ഖലീഫമാരുടേയും ഖുർആൻ സുന്നത്തിന്റെ മദ്ഹബ് നാലാം ഖലീഫയായ ഹസ്രത്ത് അലീയിലൂടെയും ഇറാക്കിലും ഇറാനിലുമൊക്കെയാണ് കൂടുതൽ പ്രചാരവും പ്രസിദ്ധിയുമാർജിച്ചത്. മുആവിയയും അബൂഹുറൈറയും കയ്യടക്കിയിരിക്കുന്ന മക്കയിലൊ മദീനയിലൊ ഈജിപ്തിലൊ ആയിരുന്നില്ല. കുറേയൊക്കെ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിലും അലിയ്യിന്റെ താവഴിക്കാരായി പരക്കെ അറിയപ്പെടുന്ന ശിയാക്കൾക്കിടയിലും ഖുർആൻ സുന്നത്തിന്റെ മദ്ഹബ് ഒരളവോളം കണ്ടെത്താൻ സാധ്യതയുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എങ്കിലും ഹസ്രത്ത് അലിയ്യിന്റെ ശരിയായ മദ്ഹബുകാർ ഇറാഖിലൊ ഇറാനിലൊ മറ്റോ ഉണ്ടെങ്കിൽ മക്കാമദീനയിലുള്ള അബൂഹുറൈറ മുആവിയാ താവഴിക്കാരേക്കാൾ എത്രയോ ഉത്തമരായിരിക്കും അവരെന്നതിൽ യാതൊരു സംശയവുമില്ല''*(അബുഹുറൈറയുടെ തനിനിറം: 33)* അപ്പോൾ മക്കയിലും മദീനയിലും ജീവിച്ച സ്വഹാബിമാരേക്കാൾ ഇവർക്കിഷ്ടം ഇറാനിലും ഇറാഖിലുമൊക്കെ ജീവിക്കുന്ന ശിയാക്കളോടാണെന്ന് വ്യക്തമായല്ലോ. അതിനാലാണ് ഇവർ കേരളക്കരയിലെ ശീഈ ഏജന്റ്മാരാണെന്ന് നാം പറയുന്നത്.

**പ്രവാചക പത്നിമാർക്കെതിരെ**

വിശ്വാസികളുടെ മാതാക്കാളായ പ്രവാചക പത്നിമാരെ(33:6)യും ശിയാക്കൾ വെറുതെ വിടാറില്ല. പ്രത്യേകിച്ച് ആയിശാ(റ)യെ. ഇവരെ പ്രത്യേകമായി ശിയാക്കാൾ ക്രൂശിക്കാൻ രണ്ട് കാരണങ്ങളുണ്ട്. അബൂബക്കർ(റ)വിന്റെ മകളായി എന്നാണ് ഒന്നാമത്തേത്. മറ്റൊന്ന് അലി(റ)വുമായി നടന്ന ജമൽ യുദ്ധവുമായി ബന്ധപ്പെട്ടതാണ്. ആയിശാ(റ)യെ ആക്ഷേപിക്കുക എന്ന ശിയാക്കളുടെ തൊഴിൽ കേരളത്തിൽ ഏറ്റെടുത്തിരിക്കുന്നത് ചേകന്നൂരികളാണ്. ഒരു ചേകന്നൂരി പുരോഹിതയുടെ വാക്കുകൾ കാണുക. ''ഒന്നാം നമ്പർ സലഫികൾ സ്വഹാബത്താണല്ലോ. അവരിലെ പ്രാധാനികൾ നബിയുടെ പത്നിയായ ആയിശാ ബീവിയും. നബിയുടെ ജാമാതാവും നാലാം ഖലീഫയുമായ അലിയുമായി ഇവർ നടത്തിയ യുദ്ധമല്ലേ ജമൽ യുദ്ധം?....

ഉസ്മാൻ വിമർശകയായിരുന്ന ആയിശാബീവി അതിന് ഖലീഫ അലിയോട് യുദ്ധത്തിന് ഇറങ്ങേണ്ടതുണ്ടായിരുന്നോ? നബിയുടെ ഭാര്യമാർക്ക് ഖുർആൻ ചില പെരുമാറ്റ ചട്ടങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അത് ആയിശാബീവി പാലിച്ചോ?.... ഖുർആന്റെ കൽപന അവഗണിച്ചു അവർ സൈന്യശേഖരം നടത്തി. ജനങ്ങൾ തെരഞ്ഞെടുത്ത ഖലീഫയും ജാമാതാവുമായ അലിയോട് യുദ്ധം ചെയ്തു. ഖുർആന്റെ കൽപന ലംഘിച്ചു യുദ്ധം നടത്തിയത് കൊണ്ട് അവർ ദയനീയമായി പരാചയപ്പെട്ടു''*(ഖുർആൻ ടൂത്ത് ദർശനം 2008 മെയ്: പേ 17)*

നോക്കൂ! പ്രവാചക പത്നിയായ ആയിശാ(റ) ക്വുർആനിന്റെ കൽപന അവഗണിച്ചവരായിരുന്നെന്നും, ഉസ്മാൻ(റ)വിന്റെ വിമർശകയായിരുന്നുവെന്നുമുള്ള കടുത്ത കളവുകളാണ് ഇവർ ഉന്നയിക്കുന്നത്. തീർന്നില്ല. മറ്റൊരു പുരോഹിതന്റെ വാക്കുകൾ നോക്കു. ''കപട പക്ഷത്തിന്

വേണ്ടിയിരുന്നത് യുദ്ധം തന്നെയായിരുന്നു. അവസാനം കപടൻമാരും നിഷ്കളങ്കരായ അലീ പക്ഷവും ഏറ്റുമുട്ടി.... പിന്നീട് യുദ്ധം ഒട്ടകത്തിന്റെ സംരക്ഷണത്തിനായി. കപടൻമാർ ഒട്ടക ത്തിനും ചുറ്റും അതിനെ സംരക്ഷിക്കാനെന്നവണ്ണം മനുഷ്യമതിൽ സൃഷ്ടിച്ചു.... ഈ പരാജയ ത്തോടു കൂടി ആയിശാ ബീവിയുടെ എല്ലാ രാഷ്ട്രിയ മോഹങ്ങളും അസ്തമിച്ചു. അവരോടൊപ്പം ഉണ്ടായിരുന്നവർ കപടൻമാരാണെന്ന് മനസ്സിലാക്കുകയും ചെയ്തു'' *(ശരീഅത്ത് വികാസവും പരിണാമവും:44)*

കണ്ടില്ലേ! ആയിശാ(റ)രാഷ്ട്രിയ വ്യാമോഹമുള്ളവരായിരുന്നുവെന്നും കപടൻമാരെ നയിച്ചവരാ ണെന്നുമൊക്കെയാണ് ഇയാളുടെ ഗവേഷണം. പ്രവാചക പത്നിമാരെ കുറിച്ച് ഈ വിധം ആക്ഷേ പിക്കുന്നവർക്ക് ഇസ്ലാമിൽ എവിടെയാണ് സ്ഥാനം എന്ന് വായനക്കാരെ പ്രത്യേകം അറിയിക്കേ ണ്ടതില്ലല്ലൊ.

ചുരുക്കത്തിൽ ശിയാക്കൾ മുസ്ലിമീങ്ങൾക്കെതിരെ ഉന്നയിക്കുന്ന സകല ആരോപണങ്ങളും കേരളത്തിൽ ഇറക്കുമതി ചെയ്ത് വലിയ ഗവേഷകരായി ചമഞ്ഞ് നടക്കുകയാണ് ചേകന്നൂരികൾ. ഇസ്ലാമിനെ വിമർശിക്കാൻ ഏതു കശ്മലന്റെ വാക്കുകളും ചേകന്നൂരികൾ വേദവാക്യം പോലെ സ്വീകരിക്കും. ശിയാക്കളുടെ ചിഞ്ഞ് നാറുന്ന വിശ്വാസ വൈകല്യങ്ങളെ ഇസ്ലാമിന്റെ പേരിൽ കേരളത്തിൽ ഇറക്കുമതി ചെയ്യാൻ പുരോഹിതർ ആരിൽ നിന്നെങ്കിലും അച്ചാരം വാങ്ങിയിട്ടുണ്ടെ ങ്കിൽ വിനയത്തോടെ പറയട്ടെ, നിങ്ങൾക്ക് കിട്ടിയ നക്കാപ്പിച്ചകൾ തിരിച്ചേൽപ്പിക്കാം എന്നല്ലാതെ കേരളമണ്ണിൽ ശിയാഇസത്തിന്റെ വിത്തിറക്കാൻ ഒരുത്തനേയും അത് ഖുബൂരികളായാലും മൗദൂ ദികളായാലും ചേകന്നൂരികളായാലും ശരി, സലഫികൾ ഇവിടെ ജീവിച്ചിരിക്കുന്നേടത്തോളം കാലം അതിന് സമ്മതിക്കില്ല. തീർച്ച.